**പത്രക്കുറിപ്പ്:**

കേരള സാഹിത്യ അക്കാദമി ആപ്പീസ്
തൃശൂർ, 29-08-2017

# കേരള സാഹിത്യ അക്കാദമി പരിഷ്ക്കരിച്ച സാഹിത്യകാര ഡയറക്ടറിയിലേക്ക് പ്രവേശകങ്ങൾ ക്ഷണിക്കുന്നു

കേരള സാഹിത്യ അക്കാദമി സാഹിത്യകാരഡയറക്ടറിയുടെ പരിഷ്കരിച്ചപതിപ്പ് പ്രസിദ്ധീകരിക്കുന്നു. 1976 ലാണ് ആദ്യത്തെ സാഹിത്യകാരഡയറക്ടറി അക്കാദമി പ്രസിദ്ധീകരിച്ചത്. അതിന്റെ പരിഷ്കരിച്ചപതിപ്പ് 2004 ൽ പ്രസിദ്ധീകരിച്ചു. പുതിയപതിപ്പ് ഏറ്റവും ആധുനികമായ അച്ചടിവിദ്യയും ഡിജിറ്റൽ സാങ്കേതികവിദ്യയും ഉപയോഗിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. പുതിയപതിപ്പിൽ എല്ലാ സാഹിത്യകാന്മാരേയും ഉൾപ്പെടുത്ത ണമെന്നാണ് ആഗ്രഹിയ്ക്കുന്നത്. അക്കാദമിയുടെ നിലവിലുള്ള സാഹിത്യകാര ഡയറക്ടറിയിൽ പേരുവിവര ങ്ങളുള്ളവരും ഇല്ലാത്തവരും കഴിയാവുന്നത്ര വിവരങ്ങൾ നല്കി സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു. ഓരോ എഴുത്തുകാരനെക്കുറിച്ചുമുള്ള ഏറ്റവും പരമപ്രധാനമായ വിവരങ്ങൾ സംഗ്രഹിച്ച് നല്കാനാണ് ആഗ്രഹിക്കുന്നത്. സാഹിത്യകാരഡയറക്ടറിയിൽ പേർ ചേർക്കുന്നതിന് വെള്ളക്കടലാസ്സിൽ സ്വയം തയ്യാറാക്കിയ അപേക്ഷയിൽ പേര്, തൂലികാനാമം, അച്ഛന്റെ പേര്, അമ്മയുടെ പേര്, ഭാര്യ/ഭർത്താവ് പേര്, വിദ്യാഭ്യാസയോഗ്യത, ജോലി, പ്രമുഖ കൃതികളും പ്രസിദ്ധീക രിച്ച വർഷവും, ലഭിച്ചിട്ടുള്ള അംഗീകൃത പുരസ്കാരങ്ങൾ, പൂർണ്ണമായ തപാൽ വിലാ സം, ഇ-മെയിൽ വിലാസം, ഫോൺ നമ്പർ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ-680 020, ഇ,മെയിൽ akademipublication@gmail.com എന്ന വിലാസത്തിൽ ഒക്ടോബർ 30 ന് മുമ്പായി അയക്കേണ്ടതാണ്. അന്തരിച്ച സാഹിത്യകാരന്മാരുടെ സ്വന്തക്കാരോ ബന്ധുക്കളോ ആവശ്യമായ വിവരങ്ങൾ നല്കി സഹകരിക്കാനും അഭ്യർത്ഥിക്കുന്നു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി